# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2067 — 19.06.2012-ൽ മറുപടിയ്ക്ക്

### മര അധിഷ്ഠിത ചെറുകിട വ്യവസായ സംരംഭങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | മര അധിഷ്ഠിത ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് എൻ.ഒ.സി. ലഭിക്കുന്നതിന് വർഷങ്ങളുടെ കാലതാമസമെടുക്കുന്നതുമൂലം ചെറുകിട സംരംഭകർ വളരെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്.<br>സംസ്ഥാനതലത്തിൽ കേന്ദ്രീകൃതമായി ഒരു ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലാണ് നിലവിൽ ഇത് സംബന്ധിച്ച അപേക്ഷ സ്വീകരിക്കലും പരിശോധന അടക്കമുള്ള പ്രവർത്തനങ്ങളും നടന്നുവന്നിരുന്നത്. ഇക്കാര്യത്തിൽ മാറ്റം വരുത്തുകയും നടപടി ക്രമങ്ങൾ വേഗത്തിലാക്കുവാൻവേണ്ടി പ്രസ്തുത ജോലി വികേന്ദ്രീകരിച്ച് അതാത് ഫോറസ്റ്റ് ഡിവിഷനുകളുടെ ചുമതലയിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ആവശ്യമായ പരിശോധനനടത്തി എത്രയും വേഗം എൻ.ഒ.സി. നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സംസ്ഥാനത്തെ മര അധിഷ്ഠിത വ്യവസായ യൂണിറ്റുകളെ നിയന്ത്രിക്കുന്നതിനും ലൈസൻസ് നൽകുന്നതിനും നടപടികൾ സുതാര്യമാക്കുന്നതിനുമായി സമഗ്രമായ ചട്ടങ്ങൾക്ക് കേരള സർക്കാർ രൂപം നൽകിയിട്ടുണ്ട്. കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സോമിൽസ് ആന്റ് അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രീയൽ യൂണിറ്റ്സ്) റൂൾസ്, 2012 എന്ന ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 269 ആയി 19.04.2012 - ന് വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളനുസരിച്ച് മര അധിഷ്ഠിത വ്യവസായ യൂണിറ്റുകൾക്ക് വനം വകുപ്പിന്റെ ലൈസൻസ് അനുവദിക്കുന്നതിനുള്ള അധികാരം നിർദ്ദേശിക്കപ്പെടുന്ന അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻമാരിൽ നിക്ഷിപ്തമാകുന്നതാണ്.<br>എൻ.ഒ.സി ലഭിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ